REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-05-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇന്നും നാളെയും വീടുകളും സ്ഥാപനങ്ങളും ശുചീകരിക്കും.
- ഏഴാംഘട്ട തെരഞ്ഞെടുപ്പിന്റെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പുരോഗമിക്കുന്നു.
- കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ വെസ്റ്റ് നൈൽ മരണം റിപ്പോർട്ട് ചെയ്തു.
- സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യത.
- IPL ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളുരു, ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും.

## വാർത്തകൾ വിശദമായി

**സംസ്ഥാനത്ത് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇന്നും നാളെയും തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡെങ്കിപ്പനി, മഞ്ഞപ്പിത്തം തുടങ്ങിയ പകർച്ചവ്യാധികൾക്കെതിരെ ശുചീകരണം നടത്തും.**

**പകർച്ചവ്യാധികൾ തടയാൻ ഇന്നും നാളെയും വീടും പരിസരവും ശുചീകരിക്കണമെന്ന് മന്ത്രി വീണാ ജോർജ്**

നിർദേശിച്ചു. കേരള പൊതുജനാരോഗ്യ നിയമം പാലിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു. എല്ലാ ആശുപത്രികളിലും പനി ചികിത്സയ്ക്കായി പ്രത്യേക ക്ലിനിക്കുകൾ ആരംഭിക്കുമെന്നും വീണാ ജോർജ് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

അഞ്ചാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്ന് വൈകിട്ട് സമാപിക്കും. ആറ് സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 49 മണ്ഡലങ്ങളാണ് അഞ്ചാം ഘട്ടത്തിൽ മറ്റന്നാൾ വിധി എഴുതുന്നത്. ഉത്തർപ്രദേശിലെ അമേഠി, റായ്ബറേലി മണ്ഡലങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ആറാം ഘട്ട തെരഞ്ഞെടുപ്പ് ഈ മാസം ഇരുപത്തിയഞ്ചിനാണ്. 57 മണ്ഡലങ്ങൾ ഈ ഘട്ടത്തിൽ വിധി എഴുതും. അടുത്ത മാസം ഒന്നിനാണ് ഏഴാം ഘട്ട തെരഞ്ഞെടുപ്പ്. ഏഴാം ഘട്ടത്തിലെ നാമനിർദേശ പത്രിക പിൻവലിക്കുന്നതിന് സമയ പരിധി ഇന്നലെ അവസാനിച്ചു. ഇന്നാണ് സൂക്ഷ്മ പരിശോധന. എട്ടു സംസ്ഥാനങ്ങളിലെ 57 സീറ്റുകളിലേക്കാണ് ഏഴാം ഘട്ടത്തിൽ വോട്ടെടുപ്പ്.

തെരഞ്ഞെടുപ്പ് പ്രചാരണം അവസാന ഘട്ടത്തിലേക്ക് കടക്കവേ മുന്നണികളുടെയും പാർട്ടികളുടെയും നേതാക്കൾ പ്രചാരണ തിരക്കിലാണ്.

പ്രധാനമന്ത്രി നരേന്ദ്രമോദി ഹരിയാനയിൽ ഇന്ന് NDA യുടെ രണ്ടു തെരഞ്ഞെടുപ്പ് റാലികളിൽ പ്രസംഗിക്കും.

✪✪✪

വിദേശ സന്ദർശനം പൂർത്തിയാക്കി മുഖ്യമന്ത്രി പിണറായി വിജയനും കുടുംബവും പുലർച്ചെ സംസ്ഥാനത്ത് തിരിച്ചെത്തി. ദുബായ്- തിരുവനന്തപുരം വിമാനത്തിൽ ഇന്ന് പുലർച്ചെ മൂന്ന് മണിക്കാണ് മുഖ്യമന്ത്രി തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയത്.

മകൾ വീണയും മരുമകനും മന്ത്രിയുമായ P.A മുഹമ്മദ് റിയാസും നാളെ തിരിച്ചെത്തും.

ഈ മാസം ആറിനാണ് സ്വകാര്യ സന്ദർശനത്തിന്റെ ഭാഗമായി മുഖ്യമന്ത്രി വിദേശത്തേക്ക് പോയത്.

✪✪✪

കേരളത്തിലെ താപനിലയിലുണ്ടായ വർദ്ധന നേരിടാൻ പുതുക്കിയ കർമ്മ പദ്ധതി തയ്യാറാക്കുമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ഇതിന്റെ ഭാഗമായി ചൂട് മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ചികിത്സിക്കാൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ഗവൺമെന്റ് ആശുപത്രികളിൽ ഹീറ്റ് ക്ലിനിക്കുകൾ ആരംഭിക്കും. ഇതിലൂടെ ആവശ്യക്കാർക്ക് പ്രഥമ ശുശ്രൂഷ നൽകും.

✪✪✪

പരവൂർ കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറായിരുന്ന അനീഷ്യയുടെ മരണം CBI

അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ബന്ധുക്കൾ ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ കണ്ടു. കുടുംബത്തിന്റെ ആവശ്യം പരിഗണിക്കാമെന്ന് ഗവർണർ അറിയിച്ചതായി അനീഷ്യയുടെ മാതാപിതാക്കൾ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

അതിജീവിതകളെ കുറിച്ച് മാധ്യമങ്ങൾ നടത്തുന്ന പരാമർശം ശ്രദ്ധയോടെ വേണമെന്ന് സംസ്ഥാന വനിതാ കമ്മീഷൻ അദ്ധ്യക്ഷ P. സതീദേവി പറഞ്ഞു. കോഴിക്കോട് പന്തീരാങ്കാവിൽ ഗാർഹിക പീഡനത്തിന് വിധേയയായ അതിജീവിതയുടെ വീട് സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു സതീദേവി.

✪✪✪

ഒമാനിൽ അത്യാസന്ന നിലയിൽ കഴിയുകയായിരുന്ന യുവാവിനെ കാണാൻ, എയർ ഇന്ത്യ എക്സ്പ്രസ് സർവീസ് റദ്ദാക്കിയതിനെ തുടർന്ന് സാധിക്കാതെപോയ ഭാര്യയ്ക്കും കുടുംബത്തിനും നഷ്ടപരിഹാരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രിയ്ക്ക് മന്ത്രി V.ശിവൻകുട്ടി കത്തയച്ചു. ചികിത്സയിലായിരുന്ന നമ്പി രാജേഷ് എന്ന യുവാവിന്റെ ഭാര്യ അമൃത ബദൽ സംവിധാനം അഭ്യർത്ഥിച്ചുവെങ്കിലും വിഫലമാവുകയായിരുന്നു.

✪✪✪

UDF ഗവൺമെന്റിനെതിരായ LDF -ന്റെ സോളാർ സമരം ഒത്തുതീർപ്പായത് അഡ്ജസ്റ്റ്മെന്റായിരുന്നോ എന്ന് വ്യക്തമാക്കേണ്ടത് CPIM ആണെന്ന് മുതിർന്ന കോൺഗ്രസ്

നേതാവ് തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. T.P കേസുമായി സോളാർ കേസിനെ ബന്ധപ്പെടുത്തുന്നത് ചില തുന്നൽ വിദഗ്ധൻമാരാണെന്നും രണ്ട് കേസുകളും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നും തിരുവഞ്ചൂർ അറിയിച്ചു.

പാനൂരിൽ 2015-ൽ ബോംബ് സ്ഫോടനത്തിൽ മരിച്ച ഷൈജു, സുബീഷ് എന്നിവർക്ക് സ്മാരകം നിർമ്മിക്കുന്നത് പരിഷ്കൃത സമൂഹത്തിന് അംഗീകരിക്കാൻ കഴിയില്ലെന്നും തിരുവഞ്ചൂർ പ്രതികരിച്ചു.

✪✪✪

സോളാർ സമരം ഒത്തുതീർത്തത് തന്റെ അറിവോടെയല്ലെന്നും സമരം അവസാനിച്ചതായി അറിഞ്ഞത് പ്രസംഗത്തിനിടെയാണെന്നും RSP നേതാവ് N.K പ്രേമചന്ദ്രൻ M.P പറഞ്ഞു. ഇക്കാര്യത്തിൽ UDF നേതൃത്വവുമായി ചർച്ച നടത്തിയെന്ന് പ്രചരിപ്പിക്കുന്നത് നിർഭാഗ്യകരമാണെന്ന് അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ വെസ്റ്റ് നൈൽ മരണം റിപ്പോർട്ട് ചെയ്തു. കഴിഞ്ഞദിവസം മരിച്ച 13 കാരിയായ വിദ്യാർഥിയുടെ മരണം വെസ്റ്റ് നൈൽ കാരണമാണെന്ന് റിപ്പോർട്ട് ലഭിച്ചു. കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലായിരുന്നു. പ്രദേശത്ത് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കാൻ തീരുമാനിച്ചതായി അധികൃതർ പറഞ്ഞു.

✪✪✪

മുസ്‌ലിം ലീഗ് സംസ്ഥാന സമിതിയോഗം ഇന്ന് കോഴിക്കോട്ട് ചേരും. ലോക്‌സഭാ തെരഞ്ഞെടുപ്പ് അവലോകനമാണ് യോഗത്തിന്റെ പ്രധാന അജണ്ട. സമസ്തയുമായി ബന്ധപ്പെട്ട വിവാദങ്ങളും ചർച്ച ആയേക്കും.

✪✪✪

റയിൽവേ ട്രാക്കിൽ ആനകൾ സ്ഥിരമായി അപകടത്തിൽ പെടുന്ന പാലക്കാട് കൊട്ടേക്കാട് ഭാഗത്ത് നിർമിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന ഗജരാജ സംവിധാനം സ്ഥാപിക്കാൻ റെയിൽവേ തീരുമാനിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.........

...........വോയ്‌സ്...........

✪✪✪

തമിഴ്നാട്ടിലെ കുപ്രസിദ്ധ മോഷ്ടാവ് ബാലമുരുകൻ വിയ്യൂരിൽ തമിഴ്നാട് പൊലീസിന്റെ കസ്റ്റഡിയിൽ നിന്ന് രക്ഷപ്പെട്ടു.

പൊലീസ് വാൻ വിയ്യൂർ അതീവ സുരക്ഷ ജയിലിന്റെ മുറ്റത്ത് എത്തിയപ്പോൾ ഇടതുവശത്തെ ഡോർ തുറന്ന് ഇയാൾ പുറത്തേക്ക് ചാടുകയായിരുന്നു. ഇന്നലെ രാത്രിയോടെയാണ് സംഭവം.

കേരളത്തിലെയും തമിഴ്നാട്ടിലെയും കൊലപാതകം ഉൾപ്പെടെ 53 കേസുകളിൽ പ്രതിയായ ബലമുരുകൻ പൊലീസിനെ ആക്രമിച്ച് നേരത്തെയും ജയിൽ ചാടിയിട്ടുണ്ട്.

✪✪✪

കേരളത്തിൽ ചൊവ്വാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

അതിശക്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് പാലക്കാട്, മലപ്പുറം ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകി. പത്ത് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ഒഴികെ ജില്ലകളിലാണ് മഞ്ഞ ജാഗ്രത. നാളെ പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും നൽകി.

കേരള തീരത്ത് നിന്ന് ഇനി ഒരറിയിപ്പ് ഉണ്ടാകുന്നത് വരെ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദേശിച്ചു. മലയോരമേഖലയിലും അതീവജാഗ്രതാ നിർദേശം ഉണ്ട്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളുരു, ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ബംഗളുരുവിലാണ് മത്സരം.

✪✪✪

ബാങ്കോക്കിൽ തായ്ലൻഡ് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റ് സെമിയിൽ ഇന്ത്യയുടെ ചിരാഗ് ഷെട്ടി-സാത്വിക് സായിരാജ് രങ്കിറെഡ്ഡി സഖ്യം പുരുഷ ഡബിൾസിൽ കൊറിയൻ സഖ്യത്തെ നേരിടും.

വനിതാ ഡബിൾസിൽ അശ്വിനി പൊന്നപ്പ- തനിഷ ക്രാസ്റ്റോ സഖ്യം ഇന്ന് സെമിയിൽ തായ്‌ലൻഡിനെ നേരിടും.

✪✪✪

മുൻ മുഖ്യമന്ത്രി E.K. നായനാരുടെ ചരമ വാർഷിക ദിനമായ നാളെ കണ്ണൂരിൽ അനുസ്മരണ പരിപാടികൾ സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി ഇന്നും നാളെയും തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മഴക്കാല പൂർവ്വ ശുചീകരണവും പാർട്ടി സംഘടിപ്പിക്കുമെന്ന് ജില്ലാ സെക്രട്ടറി M.V ജയരാജൻ അറിയിച്ചു. ബർണശ്ശേരിയിലെ നായനാർ മ്യൂസിയം നാളെ മുതൽ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്.

✪✪✪

അമേരിക്കയിൽ വാഹനാപകടത്തിൽ മരിച്ച ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് അധ്യക്ഷൻ മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പൊലീത്തയുടെ ഭൗതിക ശരീരം നാളെ നാട്ടിലെത്തിക്കും. ഉച്ചയോടെ ഭൗതിക ശരീരം നെടുമ്പാശ്ശേരിയിലെത്തിച്ച് വിലാപ യാത്രയായി നിരണം സെന്റ് തോമസ് ബിലീവേഴ്സ് ചർച്ചിലെത്തിക്കും.

✪✪✪

ആകാശവാണി കോഴിക്കോട് നിലയത്തിലെ ടെക്നിഷ്യനായിരുന്ന അബ്ദുൽ മജീദ് പീടിയേക്കൽ നിര്യാതനായി. 73 വയസ്സായിരുന്നു. ഖബറടക്കം രാവിലെ കോഴിക്കോട് കണ്ണംപറമ്പ് പള്ളി ഖബറിസ്ഥാനിൽ നടത്തി.

✪✪✪

കോഴിക്കോട് മുക്കം മാങ്ങാപ്പൊയിൽ പുലർച്ചെയുണ്ടായ വാഹനപകടത്തിൽ യുവാവ് മരിച്ചു. എരഞ്ഞിമാവ് സ്വദേശി ഫഹദ് സമാനാണ് മരിച്ചത്. കാർ ബസിലിടിച്ചാണ് അപകടം.

✪✪✪

മുക്കു പണ്ടം ധനകാര്യ സ്ഥാപനങ്ങളിൽ പണയം വച്ച് ഒരു കോടിയോളം രൂപ തട്ടിപ്പ് നടത്തിയ സംഘത്തിലെ നാലുപേരെ ചേർത്തല പൊലീസ് അറസ്റ്റ് ചെയ്തു. സിയാദ്, നിയാസ്, റിയാസ്, കോയമ്പത്തൂർ സ്വദേശി അറുമുഖം എന്നിവരെയാണ് അറസ്റ്റ് ചെയ്തത്.

ഇവർ കഴിഞ്ഞ ഒരു വർഷക്കാലമായി തട്ടിപ്പ് നടത്തിവരികയായിരുന്നു. ചേർത്തലയിലെ ഒരു സ്വകാര്യ സ്ഥാപനത്തിൽ പണയം വെച്ച സ്വർണം ലേലം ചെയ്യുമ്പോഴാണ് തട്ടിപ്പ് പുറത്തുവന്നത്.

✪✪✪

മീൻപിടിത്തബോട്ടിൽ ചരക്കുകപ്പൽ ഇടിച്ച് രണ്ടു മത്സ്യത്തൊഴിലാളികൾ മരിച്ച സംഭവത്തിൽ തകർന്ന ബോട്ടിന്റെ അവശിഷ്ടങ്ങളിൽ ഫൊറൻസിക് വിഭാഗം പരിശോധന നടത്തി.

കഴിഞ്ഞ ദിവസം പരിശോധനയ്ക്കായി പൊലീസ് പൊന്നാനിയിലെത്തിയിരുന്നെങ്കിലും ബോട്ടിന്റെ അവശിഷ്ടം വെള്ളത്തിൽ കിടക്കുന്നതിനാൽ പരിശോധന നടത്താൻ കഴിഞ്ഞില്ല. ഇന്നലെ മണ്ണുമാന്തിയന്ത്രം ഉപയോഗിച്ച് അവശിഷ്ടങ്ങൾ കരയിലേക്കു കയറ്റിയാണ് പരിശോധന നടത്തിയത്.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് 42 ലക്ഷം രൂപയുടെ സ്വർണ്ണം പിടികൂടി. കാസർകോട് സ്വദേശികളായ മുഹമ്മദ് റിയാസ്, മുഹമ്മദ് നിസാർ എന്നിവരിൽ നിന്നാണ് 576 ഗ്രാം സ്വർണം D.R.I-യും കസ്റ്റംസും ചേർന്ന് പിടിച്ചെടുത്തത്.

തലയിണ കവറിലും ചോക്ലേറ്റിന്റെയും കളിപ്പാട്ടത്തിന്റെയും കവറിലുമാണ് സ്വർണ്ണം ഒളിപ്പിച്ചത്.

✪✪✪

നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ക്യാപ്സൂൾ രൂപത്തിൽ കടത്താൻ ശ്രമിച്ച സ്വർണം പിടികൂടി. മലപ്പുറം സ്വദേശിയായ യാത്രക്കാരനിൽ നിന്നാണ് അധികൃതർ 430 ഗ്രാം സ്വർണം പിടികൂടിയത്.

✪✪✪

സ്വർണ വിലയിൽ വർദ്ധന. ഗ്രാമിന് 80 രൂപ വർദ്ധിച്ച് 6,840 രൂപയായി. 54,720 രൂപയാണ് പവന്റെ വില.

✪✪✪

മുതിർന്ന മാധ്യമ പ്രവർത്തകരോട് സംസ്ഥാന ഗവൺമെന്റിന്റെ അവഗണന അവസാനിപ്പിക്കണമെന്ന് സീനിയർ ജേണലിസ്റ്റ്സ് ഫോറം കോഴിക്കോട് ജില്ലാ കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. മാധ്യമ പ്രവർത്തകരുടെ പെൻഷൻ 500 രൂപ വർധിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ച് മാസങ്ങൾ പിന്നിട്ടിട്ടും ഇതുവരെ യാഥാർഥ്യമായിട്ടില്ല. ആശ്രിത പെൻഷൻ വർധിപ്പിക്കണമെന്ന ആവശ്യത്തിലും തീരുമാനം നീട്ടിക്കൊണ്ടുപോകുകയാണെന്ന് യോഗം കുറ്റപ്പെടുത്തി.